**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2621</u>** **<u>12-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കാർഷിക വായ്പ സംഘങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ വഴി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച കർഷിക വായ്പകളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ വഴി കഴിഞ്ഞ സാമ്പത്തിക വർഷം 8674.86/- കോടി രൂപ കാർഷിക വായ്പയായി അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഘങ്ങൾ മുഖേന 2021-22 വർഷത്തിൽ കൂടുതൽ കാർഷിക വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന സഹകരണ ബാങ്ക് 2021-22 സാമ്പത്തിക വർഷത്തിൽ 01.04.2021 മുതൽ 30.09.2021 വരെ 2460 കോടി രൂപയുടെ ഹ്രസ്വകാല വായ്പ, കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ്-19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ സ്പെഷ്യൽ ലിക്വിഡിറ്റി ഫെസിലിറ്റിയായി 1720 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കാർഷിക വായ്പാ സംഘങ്ങളുടെ ബോറോയിംഗ് പവറിന് വിധേയമായി കൂടുതൽ കാർഷിക വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കർഷക പ്രൊഡ്യൂസർ കമ്പനികൾക്കും കർഷക സംരംഭകർക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും കാർഷിക വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കർഷകസംരംഭകർക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും നിലവിൽ കാർഷികവായ്പ അനുവദിച്ച് നൽകുന്നുണ്ട് . കർഷക പ്രൊഡ്യൂസർ കമ്പനികൾക്ക് കാർഷികവായ്പ അനുവദിക്കുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ